സംസ്ഥാന സഹായം : 418 ലക്ഷം
കേന്ദ്ര സഹായം : 194 ലക്ഷം

(2) ചെറുകിട വ്യവസായ പാർക്ക്, എറണാകുളം
സംസ്ഥാന സഹായം : 409 ലക്ഷം
കേന്ദ്ര സഹായം : 49.6 ലക്ഷം

(3) ചെറുകിട വ്യവസായ പാർക്ക്, മലപ്പുറം
സംസ്ഥാന സഹായം : 352 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(4) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി
സംസ്ഥാന സഹായം : 635.5 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(5) ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
സംസ്ഥാന സഹായം : 342 ലക്ഷം
കേന്ദ്ര സഹായം : -

(6) ചെറുകിട വ്യവസായ പാർക്ക്, വയനാട്
സംസ്ഥാന സഹായം : 283 ലക്ഷം
കേന്ദ്ര സഹായം : -

സിഡ്കോയെ സംബന്ധിച്ച വിവരം

സിഡ്കോയ്ക്ക് 55 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേന്ദ്ര സഹായം ഇല്ല.

(ഡി) തൃശ്ശൂരിലെ കൊരട്ടിയിലും, പത്തനംതിട്ട ജില്ലയിലെ കുന്നം താനത്തും ചെറുകിട പാർക്കുകൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

ബേബി ബാഗ് സംവിധാനം

8(*98)ശ്രീ.എം.പി.വർഗ്ഗീസ് :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.ടി.കെ.നൗഷാദ് :
ശ്രീ.വർഗ്ഗീസ് വൈദ്യർ :
ശ്രീ.എൻ.ആർ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ ക്ഷേമം മുൻനിറുത്തി എന്തെങ്കിലും പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ശിശുക്ഷേമസമിതി ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി ഈയിടെ ബേബി ബാഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 'ബേബി ബാഗ്' സംവിധാനം മറ്റ് ജില്ലകളിൽ കൂടി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 15 അംഗീകൃത ഫൗണ്ടലിംഗ് ഹോമുകളും സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ കീഴിൽ തിരുവനന്തപുരത്തും മലപ്പുറത്തും രണ്ട് അഡോപ്ഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നതിനാൽ ഇതിനായി പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

(സി) സംസ്ഥാന ശിശുക്ഷേമ സമിതി തിരുവനന്തപുരത്തെ അഡോപ്ഷൻ സെന്ററിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി 'ബേബി ബാഗ് സംവിധാനം' ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം പ്രവർത്തിച്ചു തുടങ്ങിയാൽ മാത്രമേ ഫലപ്രദമാണോ എന്നറിയുവാൻ കഴിയുകയുള്ളൂ.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള 'ബേബിബാഗ്' സംവിധാനത്തിന്റെ പ്രവർത്തനം വിജയകരമാണെങ്കിൽ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ മലപ്പുറം ജില്ലയിലുള്ള അഡോപ്ഷൻ സെന്ററിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം

9(*99) ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.രാജു എബ്രഹാം :
ശ്രീ.പി.ടി.കുഞ്ഞി മുഹമ്മദ് :
ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.ടി.എസ്.ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ തലത്തിൽ ഏതു ക്ളാസ് മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഏത് അദ്ധ്യയന വർഷം മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കമ്പ്യൂട്ടർ പഠനം കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ലാസുകളിൽ എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപകരെ സജ്ജമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly